₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L  L I F E  V O I C E

Monthly

Volume 11
Issue 7

January 2023

pages 24



**കെ. ആർ. ജോസ്**

**(പത്രാധിപർ, ജീവധ്വനി)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | R E A L L I F E V O I C E | No. 133 |
| --- | --- | --- |

Volume 11 Issue 7 January 2023 pages 24 Rs.5/

# കെ. ആർ. ജോസ് നിത്യതയിൽ

ക്രൈസ്തവസാഹിത്യരംഗത്ത് അമ്പതിലധികം വർഷം തൂലിക ചലിപ്പിച്ച അനുഗൃഹീത എഴുത്തുകാരനും ജീവദ്ധ്വനി മാസികയുടെ എഡിറ്ററും ലാലൂർ ക്രിസ്തുസഭയുടെ എൽഡറുമായിരുന്ന ബ്രദർ കെ. ആർ. ജോസ് (എല്ലാവരുടെയും പ്രിയങ്കരനായ ജോസേട്ടൻ) തന്റെ അരുമനാഥനായ കർത്താവിങ്കലേക്ക് 2023 ജനുവരി 6 ന് എടുക്കപ്പെട്ടു. അദ്ദേഹത്തിന് 84 വയസ്സായിരുന്നു.

സൗമ്യനും, സ്നേഹവാനും സർവ്വോപരി സകലരെയും പ്രോത്സാഹിപ്പിക്കുന്നവനുമായ ഒരു വിശിഷ്ടവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കർത്തൃദാസൻ. ആരെയും കുറ്റം പറയാതെയും മറ്റുള്ളവരെക്കൊണ്ട് തന്റെ മുമ്പിൽ ആരുടെയും കുറ്റം പറയിക്കാതെയും നോക്കാൻ അദ്ദേഹം പരമാവധി ശ്രദ്ധിക്കുമായിരുന്നു. തൂലിക ചലിപ്പിക്കുമ്പോഴും വിമർശനങ്ങളേക്കാൾ സൗമ്യതയുടെ ഭാഷയായിരുന്നു അദ്ദേഹത്തിനിഷ്ടം.

**ഞാനും ജോസേട്ടനും**

എന്നെ വളരെയധികം സ്നേഹിച്ച ഒരു പിതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മനസ്സിൽ എനിക്കൊരു ഉത്തമമായ സ്ഥാനമുണ്ടായിരുന്നു. ജീവദ്ധ്വനിയുടെ അമ്പതാംവാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ അദ്ദേഹം എന്നെ വിളിച്ചു പറഞ്ഞു: ആ പുസ്തകത്തിലെ ആദ്യത്തെ ആശംസയും ആദ്യത്തെ ലേഖനവും സെബാസ്റ്റ്യന്റേതാകണമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ക്രൈസ്തവസാഹിത്യരംഗത്തെ അതികായനായ ജെ.സി. ദേവിന്റെ രംഗപ്രവേശം നിമിത്തം എന്റെ ആശംസയും ലേഖനവും രണ്ടാംസ്ഥാനത്തേക്ക് മാറി. ജോസേട്ടൻ വീണ്ടും എന്നെ വിളിച്ച് അക്കാര്യം 'സോറി'സഹിതം പറഞ്ഞു. ഞാൻ ചിരിച്ചുകൊണ്ട് മറുപടി നൽകി: ജെ.സി. ദേവ്സാർ ആര്... ഞാനാര്... ദേവ്സാറിന്റെ ലേഖനം തന്നെയല്ലേ ആദ്യം വരേണ്ടത്?

മറ്റൊരിക്കൽ എന്നോട് പറഞ്ഞതിങ്ങനെ: എന്റെ വീട്ടിലെ പ്രാർത്ഥനയ്ക്ക് വചനം പറയാൻ ഞാൻ സെബാസ്റ്റ്യനെയാണ് വിചാരിച്ചിരുന്നത്. പക്ഷേ മക്കൾ മുമ്പെ ഡോ. പി. സി. എബ്രഹാമിനെ ക്ഷണിച്ചിരുന്നു. തൃശ്ശൂരിലെ റഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പലും സുദീർഘ

ബാക്കി 23-ാം പേജിൽ

## (എഡിറ്റോറിയൽ)



# സ്തുതിപ്പിൻ!

***അവന്റെ മഹിമാധിക്യത്തിന് തക്കവണ്ണം***
***അവനെ സ്തുതിപ്പിൻ (സങ്കീ. 150:2)***

ലോകകപ്പ്ഫുട്ബോൾ മത്സരം നടക്കുമ്പോൾ ഫാൻസുകാർ അവരുടെ നായകന്മാരെ വാഴ്ത്തുന്നത് കാണാറുണ്ട്. മെസ്സിമശിഹാ, നെയ്മർസുൽത്താൻ, റൊണാൾഡോരാജാവ്... മറ്റു ചിലർ സ്തുതിക്കുന്നത് സിനിമാതാരങ്ങളെയാണ്. കംപ്ലീറ്റ് സ്റ്റാർ, അൾട്ടിമേറ്റ് സ്റ്റാർ... വേറെ ചിലർ രാഷ്ട്രീയനേതാക്കന്മാരെയാണ്. ഇരട്ടച്ചങ്കൻ, ഗർജിക്കുന്ന സിംഹം... ഗായകരെ സ്തുതിക്കുന്നവരുമുണ്ട്. ഗന്ധർവൻ, വാനമ്പാടി...

ഇങ്ങനെ ഫാൻസുകാർ സ്തുതിക്കുന്നത് സാധാരണ മനുഷ്യരെയാണ്. പലപ്പോഴും പരാജയപ്പെടുന്ന ഹീറോകളാണ് അവർ. മാത്രമല്ല, അവരുടെ ആയുസ്സിന് പരിധിയുമുണ്ട്. നാളത്തെ ദിവസം അവരുണ്ടാവുമോ എന്ന് ആർക്കും, അവർക്കു തന്നെയും ഉറപ്പില്ലാത്ത അവസ്ഥ. പക്ഷേ സ്നേഹം മൂത്ത് വിവേകം നഷ്ടപ്പെട്ട ആരാധകവൃന്ദം തങ്ങളുടെ ഹീറോയ്ക്കുവേണ്ടി ആർത്തുവിളിക്കുകയും മറ്റുള്ളവരോട് തങ്ങളുടെ ഹീറോയെപ്പറ്റി ആവേശത്തോടുകൂടി സംസാരിക്കുകയും ചെയ്യുന്നു!

സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തെ സ്തുതിക്കാൻ ഇവർക്കൊന്നും താത്പര്യമില്ല. നിത്യനും സർവ്വവ്യാപിയും സർവ്വശക്തനും ജീവനായകനുമായ ദൈവത്തെ സ്തുതിക്കുന്നത് ആധുനികതയ്ക്ക് ചേർന്നതല്ല എന്ന് ഇവർ ചിന്തിക്കുന്നു. ⇨

**തപാൽവകുപ്പിന് നന്ദി**

നമ്മുടെ മാസികയുടെ പോസ്റ്റൽ രജിസ്ട്രേഷനും WPP രജിസ്ട്രേഷനും അടുത്ത മൂന്നു കൊല്ലത്തേക്ക് (2023-2025) പുതുക്കി തന്ന തപാൽ വകുപ്പിന് നന്ദി രേഖപ്പെടുത്തുന്നു. **(എഡിറ്റർ)**

### സ്തുതിക്കുന്നതും സ്തോത്രം ചെയ്യുന്നതും ഒന്നല്ല

ചിലർ പ്രാർത്ഥിക്കാൻ തുടങ്ങിയാൽ അതിൽ അപേക്ഷകൾ മാത്രമേ ഉണ്ടാവുകയുള്ളൂ. സ്തുതിയും സ്തോത്രവും അശേഷം ഉണ്ടാകാറില്ല. മിക്കപ്പോഴും അറിവില്ലായ്മ നിമിത്തമാണ് ഇങ്ങനെ സംഭവിക്കുന്നത്. നമ്മുടെ അപേക്ഷകൾ സമർപ്പിക്കുന്നതിനേക്കാൾ പ്രാധാന്യം സ്തുതിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും നാം കൊടുക്കണം. ദൈവം അത് ഇഷ്ടപ്പെടുന്നു: "അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ" (സങ്കീർത്തനങ്ങൾ 100:4).

ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് സ്തുതിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം ചെയ്തു തന്ന ഉപകാരങ്ങൾക്ക് നന്ദി പറയുന്നതാണ് സ്തോത്രം ചെയ്യുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം സർവ്വശക്തനാകയാൽ നാം ദൈവത്തെ സ്തുതിക്കുന്നു; ദൈവം നമുക്ക് ഭക്ഷണം തന്നതിന് നാം സ്തോത്രം ചെയ്യുന്നു. ദൈവം പരിശുദ്ധനാകയാൽ നാം ദൈവത്തെ സ്തുതിക്കുന്നു; ദൈവം നമുക്ക് ജോലി തന്നതിന് നാം ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

### ദൈവജനമാണ് ദൈവത്തെ സ്തുതിക്കേണ്ടത്

"നീതിമാന്മാരേ, യഹോവയിൽ ഘോഷിച്ചുല്ലസിപ്പിൻ; സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമല്ലോ" (സങ്കീർത്തനങ്ങൾ 33:1). ദൈവത്തെ സ്തുതിക്കാൻ ആർക്കുവേണമെങ്കിലും കഴിയും. പക്ഷേ ആ സ്തുതികളൊന്നും ദൈവത്തിന് സ്വീകാര്യമാവുകയില്ല. നീതിമാന്മാരും നേരുള്ളവരും ദൈവത്തെ സ്തുതിക്കുന്നത് മാത്രമാണ് ഉചിതമായിട്ടുള്ളത്. ബാക്കിയെല്ലാം തികച്ചും അഭംഗിയാണ്. മദ്യപാനിക്ക് മൂക്കറ്റം കുടിച്ചുവന്ന് മദ്യപാനത്തിന് എതിരായി പ്രസംഗിക്കാൻ കഴിയും. പക്ഷേ അത് ഉചിതമല്ല. മദ്യപിക്കാത്തവൻ അങ്ങനെ ചെയ്യുന്നതാണ് ഉചിതമായിട്ടുള്ളത്.

ഇതുപോലെ, പാപമോചനം പ്രാപിക്കാത്തവർ ദൈവത്തെ സ്തുതിക്കുന്നത് ഉചിതമല്ല. സ്വീകാര്യവുമല്ല. ദൈവജനമാണ് ദൈവത്തെ സ്തുതിക്കേണ്ടത്. നാം ദൈവത്തെ സ്തുതിക്കുന്നത് ഉചിതമാണ്. സ്തുതിക്കാതിരുന്നാൽ ഉചിതമല്ല. ദൈവമക്കളുടെ അധരങ്ങളിൽനിന്നു വരുന്ന സ്തുതി മാത്രമാണ് ദൈവത്തിന് സ്വീകാര്യമായിട്ടുള്ളത് എന്നതിനാൽ ദൈവജനം ദൈവത്തെ സ്തുതിക്കാൻ സമയം കണ്ടെത്തിയേ മതിയാവൂ. അപേക്ഷകൾ പറഞ്ഞ് പ്രാർത്ഥിക്കുന്നതിനേക്കാൾ പ്രാധാന്യം അതിനുണ്ട്. നമ്മുടെ ദൈവം എത്ര വലിയവനാണ് എന്ന് ഓർത്ത് ദൈവത്തെ സ്തുതിച്ചുമഹത്വപ്പെടുത്തുക.

### കാരണം പറഞ്ഞ് സ്തുതിക്കണം

സ്തുതി, സ്തുതി എന്നും സ്തോത്രം സ്തോത്രം എന്നും വേഗത്തിൽ ഉരുവിട്ടുകൊണ്ട് ചിലർ സഭായോഗങ്ങളിൽ ഇരിക്കുന്നത് കാണാറുണ്ട്. ഇത്തരം ആവർത്തനങ്ങൾ ഒഴിവാക്കണം. നാം ദൈവത്തെ സ്തുതിക്കേണ്ടത് കാരണം പറഞ്ഞാണ്. അങ്ങ് പരിശുദ്ധനാകയാൽ സ്തുതിക്കുന്നു, അങ്ങ് നീതിമാനാകയാൽ സ്തുതിക്കുന്നു... അതല്ലാതെ 'സ്തുതി സ്തുതി' എന്ന് അതിവേഗത്തിൽ ഉരുവിട്ടതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സ്തോത്രമായാലും കാരണം പറഞ്ഞാണ് ചെയ്യേണ്ടത് (നന്ദി പറയേണ്ടത്). അല്ലാതെ 'സ്തോത്രം സ്തോത്രം' എന്ന് വെറുതെ വേഗത്തിൽ പറഞ്ഞിട്ട് കാര്യമില്ല. ചിലർ അതിവേഗത്തിൽ 'സ്തോത്രം സ്തോത്രം' എന്നു പറയുമ്പോൾ പലപ്പോഴും പ്രഷർകുക്കറിൽനിന്ന് 'സ്..സ്..' ശബ്ദം വരുന്ന പോലെയാണ് തോന്നാറുള്ളത്.

### മഹിമാധികൃത്തിന് തക്കവണ്ണം സ്തുതിക്കണം

നമ്മുടെ ദൈവത്തിന്റെ മഹത്വത്തിനു ഒത്തവിധം ദൈവത്തെ സ്തുതിക്കണം. വെറുതെ ഒരു വഴിപാടുപോലെ സ്തുതിച്ചാൽ പോരാ. പർവതത്തെ തല്ലിക്കീറാൻ കഴിവുള്ളവനും സമുദ്രത്തെ ഉണങ്ങിയ നിലമാക്കാൻ കെല്പുള്ളവനുമാണ് ഈ ദൈവം. സ്തുതിക്കു യോഗ്യനായ ഒരേയൊരു ദൈവമാണിത്. ഈ ദൈവത്തിലുള്ള ഗുണഗണങ്ങൾ മറ്റാരിലുമില്ല.

ഭൂമിയിൽ മനുഷ്യർ വിളിച്ചാരാധിക്കുന്ന ദൈവങ്ങൾ പലതും മനുഷ്യന്റെ ഭാവനാസൃഷ്ടി മാത്രമാണ്. കെട്ടുകഥകളിലെ നായകന്മാരും നോവലിലെ നായകന്മാരുമെല്ലാം ദൈവങ്ങളായി മാറി! പക്ഷേ നാം ആരാധിക്കുന്നത് ജീവനുള്ള യഥാർത്ഥ ദൈവത്തെയാണ്. കൃത്രിമദൈവങ്ങളെ സ്തുതിക്കാൻ അവറ്റകളുടെ ഭക്തന്മാർ കാണിക്കുന്ന ആവേശം നാം കണ്ടിട്ടില്ലേ? എങ്കിൽ യഥാർത്ഥ ദൈവത്തെ സ്തുതിക്കാൻ നാം എത്രമാത്രം ആവേശം കാണിക്കണം!

### ഉപസംഹാരം

ദാവീദ് പറയുന്നത് കേൾക്കുക: "ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" (സങ്കീർത്തനങ്ങൾ 34:1). അവനോടുള്ള യാചനയല്ല, സ്തുതിയാണ് എപ്പോഴും തന്റെ നാവിന്മേൽ ഇരിക്കും എന്ന് ദാവീദ് പറയുന്നത്. ദൈവത്തോടുള്ള സ്തുതി നമ്മുടെ നാവിന്മേൽ എപ്പോഴും ഉണ്ടാകണമെങ്കിൽ അതിനായി നാം ബോധപൂർവ്വം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവകൃപയിലാശ്രയിച്ചുതന്നെ നമുക്ക് അതിനായി ശ്രമിക്കാം.

**എം.വി.എസ്.**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Paul K Ramakrishnan, Pallickal, Alappuzha

സത്യം തേടിയുള്ള അന്വേഷണം, വിശ്വാസവും സ്നാനവും എന്നീ രണ്ടു കൃതികളും കൈപ്പറ്റി. കൃതജ്ഞനാണ്. ബ്രദറിന്റെ ചില ആശയങ്ങളോട് എനിക്ക് കനത്ത വിയോജിപ്പുണ്ടെന്നു വരികിലും, ബ്രദറിന്റെ അത്യദ്ധ്വാനത്തെയും അറപ്പുകൂടാതെയുള്ള ആശയാവിഷ്കാരത്തെയും അതിനുവേണ്ടിയുള്ള ധനവിനിമയത്തെയും ആത്മാർത്ഥതയോടെ അനുമോദിക്കുന്നു.

*സത്യം തേടിയുള്ള അന്വേഷണം* എന്ന ശീർഷകം ശരിയാണോ? തേടുക എന്നതിന് അന്വേഷിക്കുക എന്നാണ് നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന അർത്ഥം. തേടുക, അന്വേഷിക്കുക എന്നീ രണ്ടു പദങ്ങൾക്കും ഒരേ അർത്ഥമാണ്. ട്രങ്ക്പെട്ടി, നടുസെന്റർ, പോസ്റ്റ്തൂൺ എന്നീ പ്രയോഗങ്ങളെപ്പോലെ തെറ്റാണ് 'തേടിയുള്ള അന്വേഷണം' എന്ന പദപ്രയോഗവും. സത്യത്തിനു വേണ്ടിയുള്ള അന്വേഷണം എന്നതല്ലേ ശരി?

**(എഡിറ്റർ: തെറ്റ് ചൂണ്ടിക്കാണിച്ചതിന് നന്ദി. ആ പുസ്തകത്തിന്റെ പുതിയ പതിപ്പിൽ തീർച്ചയായും ഈ തെറ്റ് തിരുത്തുന്നതാണ്)**

## George V J, Thaliparamba, Kannur

*സത്യം തേടിയുള്ള അന്വേഷണം* എന്ന പുസ്തകം ഞാൻ പലതവണ വായിച്ചു. പലരോടും സംസാരിക്കാനുള്ള അറിവ് അതിലൂടെ എനിക്ക് ലഭിച്ചു. മാസികയിലെ ലേഖനങ്ങളിൽ ചിലത് ഞാൻ രണ്ടും മൂന്നും തവണ വായിക്കാറുണ്ട്. പല കാര്യങ്ങളും പച്ചയായും വെട്ടിത്തുറന്നും എഴുതുന്നത് ഞാൻ ഈ മാസികയിൽ മാത്രമേ കണ്ടിട്ടുള്ളൂ.

## K. M. Kuriakose, Mylellampara, Kozhikode

റിയൽ ലൈഫ് വോയ്സ് ഡിസംബർ ലക്കം മുഴുവൻ വായിച്ചു. അഭിനന്ദനം അറിയിക്കുന്നു. സ്നാനത്തിന്റെ കാര്യഗൗരവത്തെക്കുറിച്ച് നന്നായി

പ്രതിപാദിച്ചിട്ടുണ്ട്. സ്നാനത്തിലൂടെ കർത്താവിനോട് ചേർന്നവർ തങ്ങളുടെ ജീവിതത്തിൽ എന്ത് മാറ്റം വന്നു എന്ന് പരിശോധിച്ചിരുന്നുവെങ്കിൽ.. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കളെക്കുറിച്ചുള്ള പഠനം ശ്രദ്ധേയമാണ്. *കാന്തേ ഉണരുക, കാന്തൻ വാതിൽക്കൽ* എന്ന സി. ഡി. ചെറിയാന്റെ കവിത നന്നായിരുന്നു.

### Sijo M Jose, Velappaya, Thrissur

2022 ഡിസംബർ ലക്കത്തിലെ മാസികയിൽ എംവിഎസ് എഴുതിയ *മുടി കൊഴിച്ചിലും മനസ്സിന്റെ നീറ്റലും* എന്ന ലേഖനത്തിൽ നീലീഭൃംഗാദി തൈലത്തെക്കുറിച്ച് എഴുതിയത് കണ്ടു. നമ്മൾ ഒരു മരുന്നും വിലകുറച്ച് കാണരുത്. എല്ലാ മരുന്നിനും അതിന്റേതായ പരിമിതികൾ ഉണ്ട്. അത് ആയുർവേദമായാലും അലോപ്പതിയായാലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എഫക്റ്റും സൈഡ് എഫക്റ്റും ഉണ്ടെന്നു നാം മനസ്സിലാക്കണം. തലമുടി വളരുവാനും, തലയ്ക്കും കണ്ണിനു സുഖം ലഭിക്കാനും, ചെറുപ്പത്തിൽ നരയ്ക്കാതിരിക്കാനും നീലിഭൃംഗാദി തൈലം (സഹസ്രയോഗം) വളരെ ഉത്തമമാണ്.

## International Flat Earth Society

**ഭൂമി പരന്നതാണെന്നു വിശ്വസിക്കുന്നവരുടെ കൂട്ടമാണിത്. ഇതിൽ ഏകദേശം 1500 പേർ അംഗങ്ങളായിട്ടുണ്ടത്രേ. ഭൂമി ഉരുണ്ടതാണെന്ന സിദ്ധാന്തം സാത്താന്റേതാണ് എന്ന് ഇവർ വിശ്വസിക്കുന്നു!**


റിയൽ ലൈഫ് വോയ്സ്

**ദൈവത്തിനു സ്തോത്രം!**

**12-ാം വർഷത്തിലേക്ക്**

പ്രവേശിക്കുന്നു!

ഒരു ലക്കം പോലും മുടങ്ങാതെ...

**എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!**

കഴിഞ്ഞ പതിനൊന്നു വർഷം വായനക്കാരിൽനിന്നും ലഭിച്ച പിന്തുണയ്ക്ക് നന്ദി. ഞങ്ങളെ പ്രോത്സാഹിപ്പിച്ചവരോടും സഹായിച്ചവരോടുമുള്ള നന്ദിയും സ്നേഹവും ഇവിടെ രേഖപ്പെടുത്തുന്നു. **(എഡിറ്റർ)**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

9

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50-തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### നാഗ്പൂരിലേക്കുള്ള യാത്ര

തന്റെ ഭർത്താവായ റ്റി. എ. കുര്യൻ ജോലി രാജിവച്ചതിനെത്തുടർന്ന് മറിയാമ്മയും കങ്ങഴയിലെ സ്കൂൾഅധികൃതർക്ക് രാജിക്കത്ത് നൽകി. ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയശേഷം, 1945 ജൂൺ 19 ന് ഉത്തരേന്ത്യൻയാത്ര ആരംഭിക്കാൻ കുര്യൻ തീരുമാനിച്ചു.

അന്നേ ദിവസം ബ്രദർ വി. പി. ജേക്കബ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ആ കുടുംബത്തെ കർത്താവിന്റെ കരുതലിനായി സമർപ്പിക്കുകയും ചെയ്തു. അവിടെ കൂടിവന്നവരെല്ലാം ആ പ്രാർത്ഥനയിൽ ഏകമനസ്സോടെ പങ്കുചേർന്നു; കർത്താവ് തന്റെ ശുശ്രൂഷയ്ക്ക് അവരെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു മനസ്സിലാക്കി അവരെല്ലാം സന്തോഷിച്ചു.

അങ്ങനെ ആ ദമ്പതികൾ അവരുടെ പെൺകുഞ്ഞിനോടൊപ്പം വിദൂരസ്ഥലത്തേക്ക് പോയി; അവിടെ ഭാഷയും സംസ്കാരവും തികച്ചും വ്യത്യസ്തമായിരുന്നു. ഇന്ത്യയുടെ ആ ഭാഗത്ത് സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുന്നതിൽ അവർ

അരനൂറ്റാണ്ടോ അതിലധികമോ വർഷങ്ങൾ അവിടെ ചെലവഴിച്ചു. സാഗർ എന്ന സ്ഥലമായിരുന്നു അവസാന സ്റ്റോപ്പ്. അങ്ങനെ അദ്ദേഹം പലരുടെയും ഇടയിൽ 'സാഗർ കുര്യേച്ചൻ' എന്നറിയപ്പെടാൻ തുടങ്ങി.

മറിയാമ്മയുടെ കുറിയന്നൂരുള്ള വീട്ടിലായിരുന്നു ആദ്യത്തെ സ്റ്റോപ്പ്. അവിടെ അവർ ഞായറാഴ്ചയുള്ള യോഗത്തിൽ പങ്കെടുത്തു. എഴുമറ്റൂരിലെ സഭ ചെയ്തതുപോലെ ഇവിടെയുള്ള സഹോദരങ്ങളും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കുറിയന്നൂരിൽനിന്നും അവർ എം. ഈ. ചെറിയാൻ ശുശ്രൂഷ ചെയ്യുന്ന മധുരയിലേക്കാണ് പോയത്.

അവർ അവിടെ താമസിക്കുമ്പോൾ അവരുടെ ഏകമകൾ ജെയ്ൻ അസുഖബാധിതയായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. മറിയാമ്മയുടെ സഹോദരനായ എം. ഈ. ചെറിയാൻ കേരളത്തിലേക്ക് ഒരു യാത്ര പോയിരുന്ന സമയമായിരുന്നു അത്; അല്ലായിരുന്നുവെങ്കിൽ അവർക്ക് ആ പ്രദേശവുമായി കൂടുതൽ പരിചയമുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ ആശ്രയിക്കാമായിരുന്നു. ഏതായാലും കൂടുതൽ കുഴപ്പങ്ങൾ ഇല്ലാതെ ദൈവം ആ കുഞ്ഞിനെ വിടുവിച്ചു. അവളെ ആശുപത്രിയിൽനിന്നു ഡിസ്ചാർജ്ജ് ചെയ്തു. എന്നിരുന്നാലും ഇക്കാര്യം തങ്ങളുടെ പദ്ധതികളെ താത്കാലികമായി പാളം തെറ്റിക്കുമെന്നു അവർ ഭയപ്പെട്ടു.

കുറച്ചുദിവസങ്ങൾക്കുള്ളിൽ കുര്യൻ ചില സഹോദരങ്ങളോടൊപ്പം മദ്രാസിലേക്ക് പോയി. മറിയാമ്മയെയും ജെയ്നിനെയും മധുരയിൽ എം. ഈ. ചെറിയാന്റെ സംരക്ഷണയിൽ ഏൽപ്പിച്ചു. വി. പി. ജേക്കബ് മദ്രാസ്സിൽ കുര്യനോടൊപ്പം ചേർന്നു. രണ്ടുപേരെയും മദ്രാസിലെ സഹോദരങ്ങൾ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. അവർ തങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പിന്തുണയും പ്രോത്സാഹനവും വാഗ്ദാനം ചെയ്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കുര്യൻ മദ്രാസ് വിട്ട് മദ്ധ്യപ്രദേശിന്റെ തലസ്ഥാനനഗരിയായ നാഗ്പൂരിൽ എത്തി. 1945 ജൂലൈ 19 നായിരുന്നു അദ്ദേഹം നാഗ്പൂരിൽ എത്തിയത്.

### സാഹസികതയുടെ തുടക്കം

"നിങ്ങൾ പുറപ്പെട്ട്... സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:19-20). കേരളം വിട്ട് നാഗ്പൂരിൽ എത്താനും അവിടെനിന്ന് വിശ്വാസത്തിന്റെ സാഹസികയാത്ര ആരംഭിക്കാനും കുര്യനെ പ്രേരിപ്പിച്ചത് കർത്താവിന്റെ ഈ വാക്കുകളാണ്. ഈ ദൗത്യം നിറവേറ്റുന്നതിന് ആവശ്യമായതെല്ലാം ദൈവം നൽകുമെന്ന് അദ്ദേഹത്തിന് ഉറപ്പ് നൽകി

യത് കർത്താവിന്റെ ശിഷ്യന്മാരോടുള്ള ഈ ചോദ്യമാണ്: "ഞാൻ നിങ്ങളെ മടിശ്ശീലയും പൊക്കണവും ചെരിപ്പും കൂടാതെ അയച്ചപ്പോൾ വല്ല കുറവുമുണ്ടായോ?" (ലൂക്കൊസ് 22:35). കർത്താവിനെ അനുസരിക്കാനും കർത്താവിൽ ആശ്രയിക്കാനുമുള്ള ആത്മാർത്ഥമായ ആഗ്രഹമാണ് അദ്ദേഹത്തെ താങ്ങിനിർത്തിയ പ്രചോദനശക്തി. ഉത്തരേന്ത്യയിലെ നീണ്ട മിഷനറി ജീവിതയാത്രയിൽ അദ്ദേഹത്തെ നയിക്കുകയും മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തത് ഇവയെല്ലാമാണ്. 1945 മാർച്ച് 17 ന് നാഗ്പൂരിൽ ട്രെയിനിൽനിന്ന് ഇറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ പുതിയ ദൗത്യം ആരംഭിച്ചു.

**ലക്ഷ്മിഭവനിലെ താമസം**

ട്രെയിനിലുണ്ടായിരുന്ന ഒരു സഹയാത്രികന്റെ സഹായത്തോടെ അദ്ദേഹത്തിന് 'ലക്ഷ്മിഭവൻ' എന്ന ലോഡ്ജിൽ ഒരു റൂം കിട്ടി. ഭക്ഷണത്തിന്റെ ചെലവ് ഉൾപ്പെടെ പ്രതിദിനം 3-50 രൂപയായിരുന്നു വാടക. പക്ഷേ കയ്യിൽ ആവശ്യത്തിന് പണമില്ലാതിരുന്നതുകൊണ്ട് അവിടെ താമസം തുടരാൻ കഴിയില്ലെന്നു കുര്യനു തോന്നി. യാത്രാക്ഷീണം കാരണം രാത്രിയിൽ സുഖമായി കിടന്നുറങ്ങേണ്ടതിനു പകരം അദ്ദേഹം തന്റെ കിടക്കയിൽ ഉണർന്നിരുന്ന് ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനായി പ്രാർത്ഥിച്ചു.

അടുത്ത ദിവസം രാവിലെ അദ്ദേഹം ലോഡ്ജിനു പുറത്തിറങ്ങി. ചെലവു കുറഞ്ഞ ഒരു താമസസ്ഥലം എങ്ങനെ കണ്ടെത്തും എന്നറിയാതെ അദ്ദേഹം പ്രയാസപ്പെട്ടു. അദ്ദേഹം വഴിയരികെ നിൽക്കുമ്പോൾ, നല്ല മുഖപരിചയമുള്ള ഒരു സ്ത്രീ, നടപ്പാതയിലൂടെ നടന്ന് അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നു. അദ്ദേഹം അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സ്കൂളിലെ മാനേജരുടെ മകളായിരുന്നു അത്. വൈ.എം.സി.എ ഹോസ്റ്റലിൽ മത്തായി എന്നൊരു വിശ്വാസിയുണ്ടെന്നും അനുയോജ്യമായ ഒരു താമസസ്ഥലം കണ്ടെത്താൻ അദ്ദേഹം സഹായിക്കുമെന്നും അവൾ കുര്യനോടു പറഞ്ഞു.

അതനുസരിച്ച് ഉച്ചതിരിഞ്ഞ് കുര്യൻ വൈ.എം.സി.എ.യിൽ ചെന്ന് മത്തായിയെ കണ്ടു. കുറഞ്ഞ പ്രതിമാസവാടകയ്ക്ക് ലഭിക്കുന്ന ഒരു വീട് കണ്ടെത്താൻ സഹായിക്കാമെന്ന് മത്തായി ഉറപ്പുനൽകി. ലക്ഷ്മിഭവനിലെ തന്റെ മുറിയിലേക്ക് തിരിച്ചുപോകുമ്പോൾ, നാഗ്പൂരിലെ ജീവിതത്തിലെ ആദ്യദിവസം തന്നെ ദൈവത്തിന്റെ കരുണയോടെയുള്ള മാർഗ്ഗനിർദ്ദേശം ലഭിച്ചതിന് കുര്യൻ ദൈവത്തോടു നന്ദി പറഞ്ഞു.

**(തുടരും)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

6

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**8. അംപ്ലിയാത്തൊസ്**

*"കർത്താവിൽ എനിക്കു പ്രിയനായ അംപ്ലിയാത്തൊസിനു വന്ദനം ചൊല്ലുവിൻ" (റോമർ 16:7).*

ബ്രദർ അംപ്ലിയാത്തൊസിനെക്കുറിച്ച് ഈ ഒരു വാക്യം മാത്രമേ ബൈബിളിൽ ഉള്ളൂ. ഒന്നാം നൂറ്റാണ്ടിൽ, തങ്ങളുടെ ജീവനെ അവഗണിച്ചു കൊണ്ട് കർത്താവിനെ സ്നേഹിച്ച ധീരരായ എത്രയോ ദൈവമക്കളെ നമുക്കറിഞ്ഞുകൂടാ! ഒരു നാളിൽ അവരെ മുഖാമുഖമായി കാണുമ്പോൾ നമുക്കു അനുഭവപ്പെടുന്ന ആനന്ദം അവർണ്ണനീയം തന്നെയായിരിക്കും!

**അംപ്ലിയാത്തൊസിനു വന്ദനം**

റോമാസഭയിലുള്ള എല്ലാവരെയും പൊതുവായി, ഒരുമിച്ച്, വന്ദനം ചെയ്തുകൊണ്ട് തന്റെ വന്ദനത്തെ വേണമെങ്കിൽ ഒറ്റ വാചകംകൊണ്ട് പൗലൊസിന് അവസാനിപ്പിക്കാമായിരുന്നു. അങ്ങനെ പൗലൊസ് ചെയ്തിരുന്നുവെങ്കിൽ ഈ വിശുദ്ധന്മാരുടെ പേരുകൾ നമുക്ക് ലഭിക്കുമായിരുന്നില്ല. പൗലൊസ് റോമാസഭയ്ക്ക് എഴുതിയ കത്ത് (ലേഖനം), കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകാതെ, നമുക്കായി ശേഷിപ്പിച്ച ദൈവത്തിനു സ്തോത്രം!

റോമാസഭയിലുള്ളവരെ ഓർത്തു പ്രാർത്ഥിക്കുന്ന സ്വഭാവം പൗലൊസിനുണ്ടായിരുന്നു (1:9). അങ്ങനെ പ്രാർത്ഥിക്കുമ്പോൾ, അവരെ പേരുപേരായി ഓർക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടാകണം. അതുകൊണ്ടാണ് റോമാസഭയ്ക്ക് കത്തെഴുതിയപ്പോൾ ഓരോരുത്തരെയും പേരുപേരായി ഓർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത്. പ്രാർത്ഥനയിൽ നമുക്കറിയാവുന്നവരുടെയെല്ലാം പേരു പറഞ്ഞ് പ്രാർത്ഥിക്കുന്നത് നല്ലതാണ്. അവരെ വ്യക്തിപരമായി ഓർക്കുന്നതിനും അവരോട് നമുക്കുള്ള ക്രിസ്തുവിലുള്ള സ്നേഹം വർദ്ധിക്കുന്നതിനും അതുമൂലം ഇടയാകും. ഫിലേമോന് എഴുതിയ കത്തിൽ

പൗലൊസ് എഴുതിയത് നോക്കുക: എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു (1:6). അംപ്ലിയാത്തൊസിന്റെയും പേരു പറഞ്ഞ് പൗലൊസ് പ്രാർത്ഥിക്കുമായിരുന്നു എന്നു ന്യായമായും നമുക്കു ചിന്തിക്കാം.

**അംപ്ലിയാത്തൊസ് കർത്താവിൽ പ്രിയൻ**

പലരും പലനിലയിൽ നമുക്കു പ്രിയപ്പെട്ടവരാണ്. എന്നാൽ നമുക്കു പ്രിയമുള്ള പലരും കർത്താവിൽ പ്രിയരാകണമെന്നില്ല. നമ്മുടെ അവിശ്വാസികളായ ബന്ധുക്കളും, സുഹൃത്തുക്കളും നമുക്കു പ്രിയരാണെങ്കിലും അവരെയൊന്നും കർത്താവിൽ പ്രിയരായവർ എന്നു വിളിക്കാൻ സാധിക്കയില്ല. അംപ്ലിയാത്തൊസ് "കർത്താവിൽ എനിക്കു പ്രിയൻ" എന്നാണ് പൗലൊസ് എഴുതിയത്. കർത്താവിൽ പ്രിയരായ എത്ര പേർ നമുക്കുണ്ട്? എന്തുകൊണ്ടാണ് സഭയിലുള്ള പലരും നമുക്ക് കർത്താവിൽ പ്രിയരാകാതെ പോയത്? കുറ്റം നമ്മുടെ ഭാഗത്താണോ, അതോ അവരുടെ ഭാഗത്താണോ?

ഇന്നത്തെ പല യുവതീയുവാക്കൾക്കും വിശ്വാസികളുമായി സമയം ചെലവഴിക്കുന്നതിനേക്കാൾ താത്പര്യം അവിശ്വാസികളായ കൂട്ടുകാരും ബന്ധുക്കളുമായി സമയം ചെലവഴിക്കുന്നതാണ്. കർത്താവിൽ പ്രിയരായ ആരും അവർക്കില്ല! കർത്താവിന്റെ പേരിൽ അവർക്കു ബന്ധങ്ങളില്ല! ഇനി ഉണ്ടെങ്കിൽത്തന്നെ ആ ബന്ധങ്ങളെല്ലാം അവിശ്വാസികളുമായുള്ള ബന്ധങ്ങളേക്കാൾ കുറഞ്ഞവയാണ്! സഭായോഗങ്ങൾക്കും ആത്മികപ്രവർത്തനങ്ങൾക്കും ഉത്സാഹം കാണിക്കാതിരിക്കുകയും, അല്ലാത്ത മേഖലകളിൽ വലിയ ഉത്സാഹം കാണിക്കുകയും ചെയ്യുന്ന വിശ്വാസികൾ ഇനിയും മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു.

അംപ്ലിയാത്തൊസ് സഭാകാര്യങ്ങളിൽ വലിയ ശുഷ്കാന്തി കാണിച്ചവനായിരുന്നു. കർത്താവുമായും വിശ്വാസികളുമായും നല്ല ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. ആത്മികകാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത തിരിച്ചറിഞ്ഞതുകൊണ്ടാണ് അദ്ദേഹത്തെ "കർത്താവിൽ എനിക്കു പ്രിയൻ" എന്നു പൗലൊസ് വിശേഷിപ്പിച്ചത്. നാം എത്ര പേർക്ക് കർത്താവിൽ പ്രിയൻ ആണ്? അതായത്, ആത്മികകാര്യങ്ങളിലുള്ള നമ്മുടെ ഉത്സാഹം നിമിത്തം, നമ്മെ കർത്താവിൽ പ്രിയൻ എന്നു കരുതുന്ന എത്ര പേരുണ്ട്? ഒരു വിശ്വാസി ഏറ്റവുമധികം അദ്ധ്വാനിക്കേണ്ടത് ദൈവസഭയിലാണ് എന്ന കാര്യം നാം മറന്നുപോകരുത്.

**അംപ്ലിയാത്തൊസ് വലിയവൻ**

'അംപ്ലിയാത്തൊസ്' എന്ന ലാറ്റിൻനാമത്തിന് 'വലുത്' (large) എന്നാണ് അർത്ഥം. കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിച്ച അന്നു മുതലാണ്

അംപ്ലിയാത്തൊസ് ശരിക്കും വലുത് (വലിയവൻ) ആയത്. അതുവരെ അവൻ ഒന്നുമല്ലായിരുന്നു. എന്നാൽ കർത്താവിൽ വിശ്വസിക്കുകയും സ്നാനമേൽക്കയും ചെയ്ത അവൻ സഭയിൽ സജീവമാവുകയും കർത്താവിനാൽ വലിയവനാക്കപ്പെടുകയും ചെയ്തു എന്നതാണ് വാസ്തവം.

അംപ്ലിയാത്തൊസ് ഉപജീവനത്തിനുവേണ്ടി എന്തു ജോലിയാണ് ചെയ്തിരുന്നത് എന്നു നമുക്കറിഞ്ഞുകൂടാ. അവൻ ഒരു ബിസിനസ്സുകാരൻ ആയിരുന്നുവെങ്കിൽ, ബിസിനസ്സിലെ വിജയങ്ങൾ അവനെ വലിയവനാക്കിയില്ല. അവൻ ഒരു അദ്ധ്യാപകൻ ആയിരുന്നുവെങ്കിൽ, വിദ്യാർത്ഥികളുടെ ഉന്നതവിജയം അവനെ വലിയവനാക്കിയില്ല. കർത്താവിന്റെ മുന്നിൽ അവൻ തന്നെത്തന്നെ എന്ന് സമർപ്പിച്ചുവോ, അന്നു മുതലാണ് അവൻ വലിയവനാകാൻ തുടങ്ങിയത്. അതെ, അന്നു മുതലാണ് അവൻ ശരിക്കും 'അംപ്ലിയാത്തൊസ്' ആകാൻ തുടങ്ങിയത്.

നമ്മെ ഉയർത്തുന്നത് കർത്താവാണ്. നമ്മെ വലിയവനാക്കുന്നത് കർത്താവാണ്. വലിയവനാകാൻ വേണ്ടി നാം കർത്താവിനെ മറന്ന് അദ്ധ്വാനിക്കേണ്ടതില്ല. കർത്താവിനുവേണ്ടി നാം അദ്ധ്വാനിക്കുമ്പോൾ, നാം കർത്താവിനാൽ വലിയവനാക്കപ്പെടും. മറ്റുള്ളവർ അതു തിരിച്ചറിയാൻ ഒരു പക്ഷേ വൈകിയെന്നു വരും. അതു സാരമില്ല; കർത്താവ് നമ്മെ മനസ്സിലാക്കുന്നുണ്ടല്ലോ; അതുമതി. ധനവാനായിരുന്നു മനുഷ്യരുടെ മുമ്പാകെ വലിയവൻ; പക്ഷേ യഥാർത്ഥത്തിൽ ദൈവമുമ്പാകെ വലിയവൻ ലാസറായിരുന്നു! ഏറ്റവും വലിയ പണക്കിഴി കൊണ്ടുവന്ന് ഭണ്ഡാരത്തിൽ ഇട്ടവനാണ് ശിഷ്യന്മാരുടെ മനസ്സിലെ വലിയവൻ; പക്ഷേ വാസ്തവത്തിൽ രണ്ടു കാശ് ഇട്ട വിധവയായിരുന്നു കർത്താവിന്റെ കണ്ണിൽ വലിയവൾ ആയത്!

ദൈവമുമ്പാകെ വലിയവരാവുക; ദൈവത്താൽ വലിയവരാവുക; ദൈവികവേലയിൽ വ്യാപൃതരായി വലിയവരാവുക. ലോകത്തിന്റെ മുമ്പാകെ ഉയരാനും ലോകശ്രദ്ധ പിടിച്ചുപറ്റാനുമായി കഠിനാദ്ധ്വാനം ചെയ്തു ദൈവമുമ്പാകെയും ചിലപ്പോൾ ലോകമുമ്പാകെയും തോറ്റുപോകുന്ന മനുഷ്യരെയല്ല നാം അനുകരിക്കേണ്ടത്; അംപ്ലിയാത്തൊസിനെപ്പോലെ കർത്താവിനാൽ വലിയവരാക്കപ്പെട്ട വിശ്വാസികളെയാണ്. ദൈവമുമ്പാകെയുള്ള നമ്മുടെ വിശ്വസ്തത നമ്മെ വലിയവരാക്കും എന്നുറപ്പാണ്.

**(തുടരും)**


**പ്രതികരണങ്ങൾ അറിയിക്കുക**

മാസികയിലെ ലേഖനങ്ങളെക്കുറിച്ചുള്ള മാന്യവായനക്കാരുടെ പ്രതികരണങ്ങൾ അറിയിക്കുക. ഫോണിലൂടെ വിളിച്ചുപറയാം.

# ഹബക്കൂക് (പുസ്തകപഠനം)

11

**-എംവിഎസ്-**

**ഹബക്കൂക് 2:1**

*ഞാൻ കൊത്തളത്തിൽനിന്ന് കാവൽകാത്തുകൊണ്ട്: അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നും എന്റെ ആവലാധി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടൂ എന്നും കാണേണ്ടതിന് ദൃഷ്ടിവയ്ക്കും.*

**ഹബക്കൂകിന്റെ ജോലി**

ഹബക്കൂകിന് ജോലിയുണ്ടായിരുന്നുവെന്നും അത് കൊത്തളത്തിൽ കാവൽ നിൽക്കുകയായിരുന്നു എന്നും ഈ വാക്യത്തിൽനിന്നു മനസ്സിലാക്കാം. വാച്ച്മാൻ (watchman) ആയിരുന്നു ഹബക്കൂക്.

വിവിധങ്ങളായ ജോലി ചെയ്യുന്നവരാണ് നാം. ആ ജോലിയുടെ മധ്യത്തിലും ദൈവത്തെ സേവിക്കാൻ കഴിയും. ഒരാൾ ദൈവസഭയിൽ മുഴുവൻസമയപ്രവർത്തകൻ ആകുന്നതിൽ തെറ്റില്ല. പക്ഷേ വരുമാനത്തിനു വേണ്ടി വല്ലാതെ കഷ്ടപ്പെടുകയോ വല്ലവന്റെയും കാലുപിടിക്കുകയോ ചെയ്യേണ്ട ഗതിയുണ്ടാവരുത്.

വിവാഹിതനല്ലാത്ത ഒരാൾ മുഴുവൻസമയപ്രവർത്തകൻ ആകുന്നതും, കുടുംബസ്ഥനായ ഒരാൾ മുഴുവൻസമയപ്രവർത്തകൻ ആകുന്നതും തമ്മിൽ വ്യത്യാസമുണ്ട്. സ്വന്തകുടുംബത്തിന്റെ ആവശ്യങ്ങൾ ഗൃഹനാഥൻ എന്ന നിലയിൽ നടത്തിക്കൊടുക്കുവാൻ അദ്ദേഹത്തിന് ബാധ്യതയുള്ളതുകൊണ്ട് നിശ്ചിതവരുമാനം എല്ലാ മാസവും ലഭിക്കുമോ എന്നുള്ള ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്.

വ്യക്തികൾ/സംഘടനകൾ എന്നിവയുടെ സഹായത്താലുള്ള മുഴുവൻസമയപ്രവർത്തനത്തിൽ പല പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. സഹായിക്കുന്നവന്റെ തെറ്റുകൾക്ക് നേരെ നിശബ്ദത പാലിക്കേണ്ടിവരും. അതുകൊണ്ട് ജോലിചെയ്ത് വരുമാനം ഉള്ളതാണ് നല്ലത്. ജോലിയോടുകൂടി കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നതാണ് നല്ലത്.

വിആർഎസ് (Voluntary Retirement Scheme -VRS) സൗകര്യം പ്രയോജനപ്പെടുത്തി, ജോലി രാജിവച്ച് സുവിശേഷകന്മാരായവർ ഉണ്ട്. എന്റെ അഭിപ്രായത്തിൽ, ബുദ്ധിപരമായ നീക്കമായിരുന്നു അത്.

സ്ഥിരമായി മറ്റുള്ളവരുടെ വരുമാനത്തിൽ ആശ്രയിച്ചുകൊണ്ടുള്ള സുവിശേഷവേല പ്രയാസകരമാണ്. എന്നാൽ അത്തരം പ്രയാസങ്ങൾ സഹിക്കാൻ തയ്യാറുള്ളവർക്ക് അങ്ങനെ ചെയ്യാം.

**ഹബക്കൂകിന്റെ പ്രസംഗം**

കോട്ട കാക്കുന്ന ഹബക്കൂകിന്റെ പ്രസംഗം നോക്കൂ; മണ്ണ് കുന്നിച്ച് ഈ കോട്ട പിടിക്കും (1:10). താൻ ഏതൊരു കോട്ട കാക്കുന്നുവോ ആ കോട്ട ശത്രുക്കൾ വന്ന് പിടിക്കും എന്ന് കോട്ട കാക്കുന്നവൻ തന്നെ പ്രസംഗിക്കുന്നു! അദ്ദേഹത്തെ ആരും പിടിച്ച് തല്ലാഞ്ഞതും അറസ്റ്റ് ചെയ്യാഞ്ഞതും ജോലിയിൽനിന്ന് പിരിച്ചുവിടാഞ്ഞതും വലിയ ദൈവികകാരുണ്യം കൊണ്ടു തന്നെയായിരുന്നു. ഇന്ത്യൻ അതിർത്തി കാക്കുന്ന ഒരു പട്ടാളക്കാരൻ പാകിസ്ഥാൻ സൈന്യം ഈ അതിർത്തി പിടിച്ചെടുക്കും എന്നു പ്രസ്താവിച്ചാൽ രാജ്യദ്രോഹക്കുറ്റം ചുമത്തി അവനെ തുറുങ്കിലടയ്ക്കും എന്നുറപ്പാണല്ലോ.

ദൈവം പറഞ്ഞു. ഹബക്കൂക് അനുസരിച്ചു. ദൈവത്തേക്കാൾ വലുതായിരുന്നില്ല അദ്ദേഹത്തിന് തന്റെ ജോലിയും മറ്റുള്ള കാര്യങ്ങളും. നാട്ടുകാരിൽനിന്നുള്ള അടി, ജോലിയിൽനിന്ന് പിരിച്ചുവിടൽ, അറസ്റ്റ് ചെയ്യപ്പെടൽ തുടങ്ങിയ തിരിച്ചടികൾ ഉണ്ടായാൽ അത് സഹിക്കാൻ തയ്യാറായാണ് ഹബക്കൂക് ഇവ്വിധം പ്രസംഗിച്ചത്. പക്ഷേ ഭാഗ്യവശാൽ അത്തരം തിരിച്ചടികളൊന്നും ഉണ്ടായില്ല.

**ഹബക്കൂകിന്റെ ഉത്തരവാദിത്തം**

വാസ്തവത്തിൽ തന്റെ ഉത്തരവാദിത്തം നിറവേറ്റുക മാത്രമാണ് ഹബക്കൂക് ചെയ്തത്. അവൻ കാവൽക്കാരൻ ആണ്! കോട്ടയെ സംരക്ഷിക്കേണ്ടവൻ. ആ കോട്ട തകർക്കപ്പെടും/പിടിക്കപ്പെടും എന്ന് അവന് ദർശനം ലഭിക്കുന്നു. ആ കോട്ട പിടിക്കപ്പെടുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് ഹബക്കൂക് പ്രസംഗിക്കുന്നത്.

കോട്ട ശക്തിപ്പെടുത്തിയിട്ട് കാര്യമില്ല. കാരണം അവരുടെ നേരെ വരുന്ന ശത്രു ഏതു കോട്ടയെയും കുറിച്ച് ചിരിക്കുന്നവരാണ് (1:10). സൈനികശക്തി വർദ്ധിപ്പിച്ചിട്ട് കാര്യമില്ല. കാരണം ആ ശത്രുക്കൾ ഏത് രാജാക്കന്മാരെയും പരിഹസിക്കുന്നവരാണ് (1:10). സന്ധി ചെയ്തിട്ടും പ്രയോജനമില്ല. കാരണം തങ്ങളുടേതല്ലാത്ത വാസസ്ഥലങ്ങളെ കൈവശമാക്കേണ്ടതിന് ഇറങ്ങിപ്പുറപ്പെട്ടവരാണ് അവർ (1:6).

പിന്നെ എന്താണ് മാർഗ്ഗം? കോട്ട തകർക്കപ്പെടാതിരിക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. ദൈവജനം മാനസാന്തരപ്പെടണം. പ്രവാചകൻ കൂടിയായ ഹബക്കൂക് എന്ന കാവൽക്കാരൻ അത് തിരിച്ചറിഞ്ഞ് പ്രസംഗിക്കുകയാണ്.

**ഹബക്കൂകിന്റെ കാത്തിരിപ്പ്**

അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നു കാണേണ്ടതിന് ദൃഷ്ടി വയ്ക്കും എന്നാണ് ഹബക്കൂക് പറയുന്നത്. കാവൽക്കാരനായ പ്രവാചകൻ ദൈവത്തിൽനിന്ന് വരുന്ന പുതിയ സന്ദേശത്തിനായി കാത്തിരിക്കുന്നു. എന്റെ ആവലാധി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടൂ എന്നും കാണേണ്ടതിന് ദൃഷ്ടി വയ്ക്കും എന്ന് ഹബക്കൂക് പറയുന്നുണ്ടല്ലോ. ഹബക്കൂകിന്റെ ആവലാധി (പരാതി) എന്തായിരുന്നുവെന്ന് 1:13,14 ൽ നാം വായിക്കുന്നുണ്ട്.

ദുഷ്ടന്റെ ദുഷ്ടത കണ്ടിട്ടും ദൈവം മിണ്ടാതിരിക്കുന്നത് എന്തുകൊണ്ട് എന്നായിരുന്നു ഹബക്കൂകിന്റെ പരാതിയുടെ ഉള്ളടക്കം. അതിന് ദൈവത്തിൽനിന്ന് എന്തുത്തരം ലഭിക്കും എന്നറിയാൻ അദ്ദേഹം കാത്തിരിക്കുകയാണ്. കാരണം തെരുവിൽനിന്ന് ഈ ആവലാധി അദ്ദേഹം വിളിച്ചുപറഞ്ഞുകഴിഞ്ഞു. ഇനി അതിന് ദൈവത്തിൽനിന്ന് ലഭിച്ച മറുപടിയും വിളിച്ചു പറയണം. അതിനായി കാത്തിരിക്കുന്നു.

കോട്ടയുടെ മുകളിലിരുന്ന് താഴേക്ക് നോക്കിയിരിക്കേണ്ട കാവൽക്കാരൻ ദൈവത്തിൽനിന്ന് ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് മുകളിലേക്ക് തന്നെ നോക്കുന്നു. ഉയരങ്ങളിലേക്ക് നോക്കിയിരിക്കുന്ന പ്രവാചകൻ! അവൻ ദൈവത്തിന്റെ അരുളപ്പാടുകൾക്കായി ദൃഷ്ടി വയ്ക്കുന്നു. അത് പ്രസംഗിക്കാൻ, അതുപോലെ ചെയ്യുവാൻ.

നമ്മുടെ വചനപഠനം അത്തരത്തിലുള്ളതായിരിക്കണം. വചനത്തിൽനിന്ന് നാം സത്യങ്ങൾ മനസ്സിലാക്കണം. അത് മറ്റുള്ളവരോട് പറയണം. സ്വന്തജീവിതത്തിൽ അനുസരിക്കണം. ദൈവജനത്തിന്റെ മദ്ധ്യേ നാമോരുത്തരും കാവൽക്കാരന്മാരാകണം. ഉയരങ്ങളിലേക്ക് നോക്കി, ദൈവത്തിൽനിന്നുള്ള ആലോചനകൾ പ്രാപിച്ച്, അത് ദൈവജനത്തിനെ അറിയിച്ച് തിരുത്തൽശക്തികളാകുന്ന കാവൽക്കാരന്മാർ! **(തുടരും)**

**പൊതുമരാമത്തുവകുപ്പും, വാട്ടർ അതോറിറ്റിയും**
**(ചക്കിയും ചങ്കരനും)**

വാടാനപ്പള്ളി: പൊതുമരാമത്ത് റോഡിലെ കുഴിയിൽ ബൈക്ക് വീണ് യാത്രികന്റെ മുട്ടിനു കീഴെ കാൽ ഒടിഞ്ഞു തൂങ്ങി. പൈപ്പ് നവീകരണത്തിന്റെ ഭാഗമായി ജലഅതോറിറ്റി ഈ റോഡിൽ കുഴിയെടുത്തിരുന്നു. ഒന്നരവർഷത്തിനുശേഷവും പലയിടത്തും കുഴി പൂർണ്ണമായും മൂടിയിട്ടില്ല. 35 വയസ്സുള്ള ബൈക്ക്യാത്രികന് ഇനി മാസങ്ങളോളം ജോലി ചെയ്യാതെ വിശ്രമിക്കേണ്ടിവരും. *(29-12-2022 ലെ പത്രവാർത്ത).*

# 32 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *മാർട്ടിൻ ലൂഥർ, ജോൺ കാൽവിൻ, ജെ.എൻ. ഡാർബി ഇവരെല്ലാം ശിശുസ്നാനത്തെ അംഗീകരിച്ചവരും പഠിപ്പിച്ചവരും ആണെന്നു പറഞ്ഞുകേൾക്കുന്നു. ഇത് ശരിയാണോ?*

**മറുപടി:**

ശരിയാണ്. ഇവർ മൂന്നു പേരും ശിശുസ്നാനത്തെ പിന്താങ്ങിയവരാണ്. ക്രൈസ്തവഗോളത്തിൽ മേല്പറഞ്ഞ മൂന്നുപേരും വളരെ പ്രശസ്തരും വിലമതിക്കപ്പെടുന്നവരുമാണ്. പക്ഷേ ശിശുസ്നാനത്തിന്റെ പ്രയോജനമില്ലായ്മ ഇവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല! ഇവരെല്ലാം ശിശുസ്നാനത്തെ പിന്താങ്ങുന്നവരായിരുന്നു എന്നത് അവിശ്വസനീയമായി പലർക്കും തോന്നിയേക്കാം.

**മാർട്ടിൻ ലൂഥർ (1483-1546)**

പ്രവർത്തികളാലല്ല രക്ഷ എന്നു പറഞ്ഞ് കത്തോലിക്കാസഭയെ വെല്ലുവിളിച്ച് മുന്നോട്ടു വന്ന, പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ മുന്നണിപ്പോരാളിയായ മാർട്ടിൻ ലൂഥർ, കത്തോലിക്കാസഭയിലെ ഒരു പുരോഹിതനായിരുന്നു. പക്ഷേ ശിശുസ്നാനത്തിന്റെ കാര്യത്തിൽ കത്തോലിക്കാസഭയുടെ പഠിപ്പിക്കൽ തന്നെ അദ്ദേഹവും സ്വീകരിച്ചു. The Babylonian Captivity of the Church എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

> Infants are aided by the faith of others, namely, those who bring them for baptism…. So through the prayer of the believing church wich presents it, … the infant is changed, cleansed and renewed by inpoured faith....Even today baptism's chief blessing is for them.
>
> *(സ്നാനത്തിനായി ശിശുക്കളെ കൊണ്ടുവരുന്നവരുടെ വിശ്വാസം ആ ശിശുക്കളെ സഹായിക്കുന്നു. സഭയുടെ പ്രാർത്ഥനയിലൂടെ ശിശുക്കൾ ശുദ്ധീകരിക്കപ്പെടുകയും അവർക്ക് പകർന്നു കിട്ടിയ വിശ്വാസത്താൽ പുതുക്കംപ്രാപിക്കയും ചെയ്യുന്നു. ഇന്നും സ്നാനത്തിന്റെ മുഖ്യഅനുഗ്രഹം ശിശുക്കൾക്കുള്ളതാണ്.)*

**ജോൺ കാൽവിൻ (1483–1546)**

ലോകമെങ്ങുമുള്ള ധാരാളം ക്രൈസ്തവർ ഏറ്റവും മികച്ച തിയോളജിയനായി കണക്കാക്കുന്ന വ്യക്തിയാണ് ജോൺ കാൽവിൻ. ദൈവം തനിക്കു ബോധിച്ചവരെ തിരഞ്ഞെടുത്തു എന്നും, ചിലരെ നാശത്തിനായി നിയമിച്ചുവെന്നും, ദൈവം നാശത്തിനായി നിയമിച്ചവർക്ക് രക്ഷിക്കപ്പെടുവാൻ കഴിയില്ലെന്നുമൊക്കെ പഠിപ്പിക്കുന്ന കാൽവിനിസ്റ്റുകളുടെ ഹീറോ ആണ് ഈ കാൽവിൻ. കാൽവിന്റെ ക്രൂരതയ്ക്ക് എത്ര ഉദാഹരണം നിരത്തിയാലും കാൽവിനിസ്റ്റുകളുടെ മനസ്സിലെ പൂജാബിംബമായി ഇദ്ദേഹം തുടരുന്നു.

ശിശുസ്നാനത്തെ പഠിപ്പിക്കുക മാത്രമല്ല ശിശുസ്നാനത്തെ എതിർക്കുന്നവരെ രൂക്ഷമായി വിമർശിക്കുക കൂടി അദ്ദേഹം ചെയ്തിരുന്നു. അദ്ദേഹം എഴുതിയത് നോക്കൂ:

> Doubtless the design of Satan in assaulting pædobaptism with all his forces is to keep out of view, and gradually efface, that attestation of divine grace which the promise itself presents to our eyes. In this way, not only would men be impiously ungrateful for the mercy of God, but be less careful in training their children to piety. Wherefore, if we would not maliciously obscure the kindness of God, let us present to him our infants...
> **(Institutes of the Christian Religion, Electronic Edition, Book Fourth, Chapter 16, Section 32)**
>
> *(സാത്താൻ തന്റെ എല്ലാ ശക്തികളോടുംകൂടി ശിശുസ്നാനത്തെ ആക്രമിക്കുന്നത്, ദൈവികകൃപയുടെ സാക്ഷ്യപ്പെടുത്തൽ മറയ്ക്കാനും ഇല്ലാതാക്കാനും വേണ്ടിയാണ്. ഈ വിധത്തിൽ മനുഷ്യർ ദൈവത്തിന്റെ ദയയോട് നന്ദികേട് കാണിക്കുക മാത്രമല്ല, തങ്ങളുടെ മക്കളെ ഭക്തിയിലേക്ക് പരിശീലിപ്പിക്കുന്നതിൽ ശ്രദ്ധക്കുറവ് കാണിക്കുകയും ചെയ്യുന്നു. അതിനാൽ നാം ദൈവത്തിന്റെ ദയയെ ദുരുദ്ദേശത്തോടുകൂടി മറച്ചുവയ്ക്കുന്നവരല്ലെങ്കിൽ, നമ്മുടെ കുഞ്ഞുങ്ങളെ അവന് സമർപ്പിക്കാം.)*

**ജെ. എൻ. ഡാർബി (1800–1882)**

ബ്രദറൺപ്രസ്ഥാനത്തിന്റെ നെടുംതൂണായി പ്രകീർത്തിക്കപ്പെടുന്ന വ്യക്തിയാണ് ജോൺ നെൽസൺ ഡാർബി. പ്രീട്രിബുലേഷൻ തിയറി പ്രചരിപ്പിച്ചത് ഈ ഡാർബിയാണ്. പല ഗഹനമായ കാര്യങ്ങൾ അദ്ദേഹം പഠിക്കുകയും എഴുതുകയും ചെയ്തുവെങ്കിലും ശിശുസ്നാനം തെറ്റാണെന്നു അദ്ദേഹത്തിനു മനസ്സിലായിരുന്നില്ല.

I have no doubt as to infant baptism of the children of a Christian **(Letters of J. N. Darby, volume 2, page 47)**

*(ഒരു ക്രിസ്ത്യാനിയുടെ കുട്ടികളുടെ ശിശുസ്നാനത്തെക്കുറിച്ച് എനിക്ക് സംശയമില്ല)*

There are those among the 'Brethren' who are not content with the baptism they received in infancy, and have thought it more scriptural to have adults baptised on their believing **(Collected Writings of J. N. Darby, volume 14, page 236)**

*(ശൈശവത്തിൽ ലഭിച്ച സ്നാനത്തിൽ തൃപ്തിയില്ലാത്തവരും, മുതിർന്നവർ വിശ്വാസത്തെത്തുടർന്ന് സ്നാനമേൽക്കുന്നതാണ് കൂടുതൽ തിരുവെഴുത്ത്പരമായിട്ടുള്ളത് എന്നു ചിന്തിക്കുന്നവരും സഹോദരന്മാരുടെ കൂട്ടത്തിലുണ്ട്)*

**ശിശുസ്നാനം തെറ്റ് തന്നെയാണ്**

എത്ര പുകഴ്പെറ്റ തിയോളജിയന്മാർ പിന്താങ്ങി എന്നു വന്നാലും ശിശു സ്നാനം തെറ്റ് തന്നെയാണ്.

വിശ്വസിക്കുന്നവരെയാണ് സ്നാനപ്പെടുത്തേണ്ടത് എന്ന് തിരുവെഴുത്ത് വ്യക്തമാക്കിയിരിക്കുമ്പോൾ വിശ്വസിക്കാൻ പ്രാപ്തിയില്ലാത്ത കുഞ്ഞു ങ്ങളെ സ്നാനപ്പെടുത്തുന്നത് ഒരിക്കലും ശരിയല്ല.

ലുദിയായും കുടുംബവും സ്നാനമേറ്റു എന്നു പറഞ്ഞാൽ ലുദിയായുടെ കുടുംബത്തിലെ കുഞ്ഞുകുട്ടികളും സ്നാനമേറ്റു എന്നു മനസ്സിലാക്കാമല്ലോ എന്നാണ് ശിശുസ്നാനവാദികളുടെ ഒരു പ്രധാന വാദം. ഞാനും എന്റെ കുടുംബവും വോട്ട് ചെയ്തു എന്നു പറഞ്ഞാൽ അതിനർത്ഥം എന്റെ വീട്ടി ലെ കുഞ്ഞുകുട്ടികളടക്കം എല്ലാവരും വോട്ട് ചെയ്തു എന്നല്ല. വോട്ടവകാ ശമുള്ളവർ വോട്ട് ചെയ്തു എന്നോ, വോട്ടവകാശമുള്ളവർ മാത്രമേ എന്റെ കുടുംബത്തിലുണ്ടായിരുന്നുള്ളൂ എന്നോ വരാവുന്നതാണ്.

ലുദിയായും കുടുംബവും സ്നാനമേറ്റു എന്നു പറഞ്ഞാൽ ലുദിയായുടെ കുടുംബത്തിലെ മുലകുടിക്കുന്ന കുഞ്ഞുങ്ങൾ വരെ സ്നാനമേറ്റു എന്നർ ത്ഥം വരില്ല. വിശ്വസിക്കുന്നവരെയാണ് സ്നാനപ്പെടുത്തേണ്ടത് എന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഒന്നുകിൽ ലുദിയായുടെ കുടുംബത്തിൽ കുഞ്ഞുങ്ങൾ ഇല്ലായിരിക്കാം. അല്ലെങ്കിൽ ആ കുടുംബത്തിലെ വിശ്വസിച്ച വർ മാത്രം സ്നാനമേറ്റു എന്നു ചിന്തിക്കാം. ബൈബിളിൽ കാണാത്ത ശിശു സ്നാനത്തെ പഠിപ്പിക്കുന്നവർ ഒരുനാൾ ദൈവക്രോധം ഏറ്റുവാങ്ങും.

എംവിഎസ്



# ദൈവം പൊങ്ങച്ചം ഇഷ്ടപ്പെടുന്നു!

ബ്രദർ കൊച്ചുണ്ണി ഇന്നും കട്ടക്കലിപ്പിൽത്തന്നെയാണ്.

ബൈബിൾ വായിച്ചാൽ എല്ലാവരുടെയും മുഖത്ത് ഒരു സന്തോഷവും പ്രത്യാശയുമാണ് വിടരുന്നതെങ്കിൽ പാവം കൊച്ചുണ്ണിസഹോദരന്റെ മുഖത്ത് അങ്ങനെയല്ല. അദ്ദേഹത്തിന് മിക്കവാറും പ്രഷർ കൂടുകയാണ് ചെയ്യാറുള്ളത്.

"ഇന്ന് കൊച്ചുണ്ണിയെ പ്രകോപിച്ചത് ബൈബിളിലെ ഏത് വാക്യമാണ്? ആശയമാണ്?" ഇട്ടിയപ്പച്ചൻ തുടക്കമിട്ടു.

"ഇന്നലത്തെ മൂപ്പന്റെ പ്രസംഗം എനിക്ക് ഇഷ്ടപ്പെട്ടില്ല" കൊച്ചുണ്ണിയുടെ ഇടംവലം നോക്കാതെയുള്ള മറുപടി.

ഇതു കേട്ടപ്പോൾ തൊട്ടടുത്തുണ്ടായിരുന്ന മൂപ്പന്റെ മുഖം ചെറുതായൊന്നു മങ്ങി. അദ്ദേഹം തെല്ല് പ്രയാസത്തോടെ ചോദിച്ചു:

"എന്റെ പ്രസംഗം അത്രയ്ക്കും മോശമായിരുന്നോ കൊച്ചുണ്ണിസഹോദരാ?"

"പ്രസംഗമല്ല മോശം. പറഞ്ഞ ആശയമാണ് മോശം"

"ഞാൻ ബൈബിളിലുള്ള കാര്യങ്ങളല്ലേ പറഞ്ഞുള്ളൂ"

"ആണ്. പക്ഷേ അതെനിക്ക് ഇഷ്ടപ്പെട്ടില്ല"

ഇത് കേട്ടപ്പോൾ ഇട്ടിയപ്പച്ചൻ കുലുങ്ങിച്ചിരിച്ചു.

"ഇട്ടിയപ്പച്ചൻ ഭൂമികുലുക്കം ഉണ്ടാക്കണ്ട. ഞാൻ പറയുന്നത് കേൾക്ക്.." കൊച്ചുണ്ണി ദേഷ്യത്തോടെ പറഞ്ഞു. "ദൈവത്തെ എപ്പോഴും സ്തുതിക്കണം എന്നല്ലേ മൂപ്പൻ ഇന്നലെ പ്രസംഗിച്ചത്?"

"അതെ, അങ്ങനെയാണ് വചനം പഠിപ്പിക്കുന്നത്"

"ശരി, സമ്മതിച്ചു. ദൈവം നല്ലവനാണ്, ദൈവം സർവശക്തനാണ്, ദൈവം സ്നേഹവാനാണ് എന്നൊക്കെ ദൈവത്തോട് ഇങ്ങനെ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കേണ്ട കാര്യമുണ്ടോ? ദൈവത്തിന് തന്നിലുള്ള ഗുണങ്ങൾ അറിയാവുന്നതാണല്ലോ. നമുക്കും അറിയാം. പിന്നെ എന്തിനാണ് ഇങ്ങനെ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്? മറ്റുള്ളവർ തന്നെ പുകഴ്ത്തിക്കൊണ്ടിരിക്കണം എന്നു ചിന്തിക്കുന്ന പൊങ്ങച്ചക്കാരനാണോ നമ്മുടെ ദൈവം?"

കൊച്ചുണ്ണിയുടെ മുന്നേറ്റം കണ്ട് ഇട്ടിയപ്പച്ചൻ അന്ധാളിച്ചുനിന്നു. മൂപ്പനെ ആകാംക്ഷയോടെ നോക്കി. മൂപ്പൻ നിശബ്ദത പാലിച്ച് നിൽക്കുന്നത് കണ്ടപ്പോൾ ഇട്ടിയപ്പച്ചൻ ശരിക്കും ഞെട്ടിപ്പോയി.

മൂപ്പന്റെ നിശബ്ദതയും ഇട്ടിയപ്പച്ചന്റെ ഞെട്ടലും കണ്ടപ്പോൾ കൊച്ചുണ്ണിക്ക് ആവേശമായി. കൊച്ചുണ്ണി ഇട്ടിയപ്പച്ചനോട് ചോദിച്ചു:

"ഇട്ടിയപ്പച്ചൻ നല്ലവനാണ്, സ്നേഹമുള്ളവനാണ്, കരുണയുള്ളവനാണ് എന്നിങ്ങനെ ഇട്ടിയപ്പച്ചന്റെ മുഖത്തുനോക്കി മക്കൾ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കണം എന്ന് ഇട്ടിയപ്പച്ചൻ ആഗ്രഹിക്കുന്നുണ്ടോ?"

"ഓ.. അതൊന്നും വേണ്ട.. അവര് ഒരു തവണയെങ്കിലും എന്നോട് സ്നേഹത്തോടെ പെരുമാറിയാൽ മതിയായിരുന്നു..." ഇത് പറഞ്ഞപ്പോഴേക്കും ഇട്ടിയപ്പച്ചന്റെ ശബ്ദം പതറി.

മൂപ്പൻ തൊണ്ട ശരിയാക്കി മറുപടി പറയാനായി തുടങ്ങിയത് അപ്പോഴാണ്.

"കൊച്ചുണ്ണിബ്രദറേ, ദൈവത്തെ നാം സ്തുതിക്കുന്നത് ഇട്ടിയപ്പച്ചനെ പുകഴ്ത്തുന്നതുപോലെയോ മറ്റേതെങ്കിലും മനുഷ്യരെ പുകഴ്ത്തുന്നതുപോലെയോ അല്ല."

"ഒരാൾ നല്ലവനാണ് എന്നു പറയുമ്പോൾ വാസ്തവത്തിൽ അയാൾ നല്ലവനാകണമെന്നില്ല. അയാളുടെ അഭിനയമായിരിക്കാം. അയാളിൽ മോശമായ പല കാര്യങ്ങളും ഉള്ളപ്പോഴാണ് നാം അയാളെ നല്ലവൻ എന്നു വിളിക്കുന്നത്. എന്നാൽ ദൈവം അങ്ങനെയല്ല. നൂറുശതമാനവും നല്ലവനാണ്. നൂറുശതമാനവും പരിശുദ്ധനാണ്."

"ആരോടാണോ നാം കൂടുതൽ അടുത്ത് ഇടപെടുന്നത് ആ ആളോട് കൂടുതൽ അടുപ്പം തോന്നത്തക്ക സ്വഭാവമാണ് മനുഷ്യനിലുള്ളത്. ദൈവത്തോട് നാം അടുത്ത് ഇടപെട്ടാൽ ദൈവവുമായുള്ള ബന്ധം കൂടുതൽ ശക്തമാകും."

"അതിനാണ് നാം ദൈവത്തെ സ്തുതിക്കണമെന്നും ദൈവത്തിന് സ്തോത്രം ചെയ്യണമെന്നും ദൈവത്തോടു യാചിക്കണമെന്നുമൊക്കെ പറയുന്നത്."

"ഇതൊന്നും ചെയ്യുന്നില്ലെങ്കിൽ നാം ക്രമേണ ദൈവത്തിൽനിന്നും അകന്നുപോവുകയും മറ്റു മനുഷ്യരെ സ്തുതിക്കുകയും അവർക്ക് നന്ദി പറയുകയും അവരോട് യാചിക്കുകയും ചെയ്തെന്നു വരും. അതിലും നല്ലത് ദൈവത്തോട് ഇതെല്ലാം ചെയ്യുന്നതല്ലേ? ദൈവത്തെ സ്തുതിക്കാൻ നമുക്ക് അഭിമാനം തോന്നണം. കാരണം ദൈവത്തെപ്പോലെ മറ്റൊരുവനും ഇല്ല."

"ദൈവത്തെ നാം സ്തുതിക്കുന്നത്, അത് കേട്ടിട്ട് ദൈവം രോമാഞ്ചം കൊള്ളേണ്ടതിനല്ല. പിന്നെയോ, നമുക്ക് ദൈവത്തോട് കൂടുതൽ അടുപ്പം ഉണ്ടാകേണ്ടതിനും ദൈവാനുഗ്രഹം ലഭിക്കേണ്ടതിനുമാണ്."

മൂപ്പൻ പറഞ്ഞു നിർത്തി. ആരും ഒന്നും മിണ്ടിയില്ല. ❍

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

10

## തോറ്റവരും ഡോക്ടർമാർ!

എന്തൊക്കെയാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്? രാഷ്ട്രീയപ്പാർട്ടികളുടെ പിൻബലമുണ്ടെങ്കിൽ എന്തുമാവാം എന്ന നിലയിലേക്ക് നമ്മുടെ സംസ്ഥാനം അധഃപതിച്ചിരിക്കുന്നുവോ! തിരുവനന്തപുരത്തെ ഗവൺമെന്റ് ആയുർവേദ കോളജിലാണ് അഴിമതിയുടെ ചീഞ്ഞുനാറിയ പുതിയ എപ്പിസോഡ് അരങ്ങേറിയത്. പരീക്ഷ ജയിക്കാത്തവർക്കും സർട്ടിഫിക്കറ്റുകൾ പരസ്യമായി വിതരണം ചെയ്തുകൊണ്ട് തങ്ങളുടെ തൊലിക്കട്ടി വെളിപ്പെടുത്തിയിരിക്കുന്നു കുറെ പാഴ്ജന്മങ്ങൾ!

പക്ഷേ പ്രതിഷേധം കനത്തപ്പോൾ ഗത്യന്തരമില്ലാതെ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങാൻ അധികാരികൾ ഉത്തരവിട്ടു.

> ഗവ.ആയുർവേദ കോളേജിൽ ഈ മാസം 15 ന് നടന്ന ബിരുദസമർപ്പണ ചടങ്ങിൽ സർട്ടിഫിക്കറ്റ് കൈപ്പറ്റിയ 65 പേരിൽനിന്നും അത് തിരിച്ചുവാങ്ങാൻ അധികൃതർ തീരുമാനിച്ചു. രണ്ടാം വർഷ പരീക്ഷ ജയിക്കാതെ സർട്ടിഫിക്കറ്റ് കൈപ്പറ്റിയ 7 പേരിൽ ഒരാൾ ഇന്നലെ പ്രിൻസിപ്പലിനെ തിരിച്ചേൽപ്പിച്ചു. തോറ്റവർക്ക് ഡോക്ടർബിരുദം നൽകിയ സംഭവത്തിൽ ആരോഗ്യമന്ത്രി വീണാജോർജ്ജ് അന്വേഷണത്തിന് ഉത്തരവിട്ടു. കോളജ്പ്രിൻസിപ്പലിനെ വിളിച്ചുവരുത്തി മന്ത്രി വിശദീകരണം തേടി. തോറ്റവർക്ക് സർട്ടിഫിക്കറ്റ് നൽകിയത് വലിയ അഴിമതിയാണെന്ന് ആരോഗ്യസർവകലാശാല സമ്മതിച്ചു. *(21-12-2022 ലെ പത്രവാർത്ത)*

സന്തോഷം. തെറ്റ് മനസ്സിലായല്ലോ. ഇത്തരത്തിലുള്ള ഗുരുതരമായ തെറ്റുകൾ സംഭവിക്കാതെ നോക്കാനുള്ള ഉത്തരവാദിത്തമുള്ള ഒരാൾ പോലും അവിടെയുണ്ടായിരുന്നില്ലേ?

തങ്ങളുടെ വേണ്ടപ്പെട്ടവർക്ക് ഡോക്ടർബിരുദം ചുളുവിൽ നൽകാൻ നടത്തിയ ബോധപൂർവ്വമായ ശ്രമമല്ലേ ഇത്? പിടിക്കപ്പെട്ടപ്പോൾ അടവ് മാറ്റിയെന്നു മാത്രം. പിടിക്കപ്പെട്ടില്ലായിരുന്നുവെങ്കിലോ സർട്ടിഫിക്കറ്റുകൾ എത്തേണ്ടിടത്ത് എത്തുകയും ചെയ്യും! ഓരോരോ ജന്മങ്ങള്!

**കെ.ആർ.ജോസ് നിത്യതയിൽ 2–ാം പേജിൽനിന്നും തുടർച്ച**

വർഷം ക്രൈസ്തവസുവിശേഷരംഗത്ത് പോരാടുകയും ചെയ്തിട്ടുള്ള എബ്രാഹാം സാർ തന്നെയാണ് എന്നേക്കാൾ ഉചിതം എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

ജോസേട്ടന്റെ *കവിഞ്ഞൊഴുക്ക്* എന്ന പുസ്തകം കഴിഞ്ഞ സെപ്റ്റംബറിൽ തൃശ്ശൂരിലെ റീജനൽ തിയറ്ററിൽ വലിയൊരു സദസ്സിന്റെ മുമ്പാകെ പ്രകാശനം ചെയ്യുന്നതിനായി ഒരുക്കങ്ങൾ നടക്കവേ അദ്ദേഹം അതിന്റെ കോഡിനേറ്ററായ ബ്രദർ ടോണി ഡി ചെവ്വൂക്കാരനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: സെബാസ്റ്റ്യന് സ്റ്റേജിൽ ഒരു അവസരം കൊടുക്കണം.

എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നത് എന്റെ നല്ലൊരു അഭ്യുദയകാംക്ഷിയെയാണ് എന്നതിന് ഇതിൽപ്പരം തെളിവുകൾ ആവശ്യമില്ല. റിയൽ ലൈഫ് വോയ്സ് എന്ന മാസികയിലൂടെ വളർന്ന സൗഹൃദവും സാഹോദര്യസ്നേഹവും പിതൃതുല്യമായ വാത്സല്യം ചാലിച്ച് അദ്ദേഹം എന്റെ നേരെ ചൊരിഞ്ഞു – മരണം വരെ. എന്നെ സംബന്ധിച്ചിടത്തോളം വേറിട്ടൊരു അനുഭവം തന്നെയായിരുന്നു അത്.

*റിയൽ ലൈഫ് വോയ്സി*ന്റെ നല്ലൊരു വായനക്കാരനായിരുന്നു അദ്ദേഹം. മാസിക കിട്ടിയാലുടൻ അത് മുഴുവനും വായിക്കുകയും വിലയിരുത്തുകയും ചെയ്തതിനു ശേഷം എന്നെ ഫോണിൽ വിളിച്ച് അഭിപ്രായങ്ങൾ പങ്കുവയ്ക്കുമായിരുന്നു. ''ആ വാചകം എനിക്ക് ഇഷ്ടപ്പെട്ടു'', ''അങ്ങനെ എഴുതിയത് എനിക്ക് അരോചകമായി തോന്നി'', ''ആ ആശയം എനിക്ക് ഒരു പുതിയ ചിന്തയായിരുന്നു''..... ഇങ്ങനെ ഉള്ളു തുറന്നുള്ള അഭിപ്രായപ്രകടനമായിരുന്നു അവയെല്ലാം. എല്ലാ മാസവും അത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നു. എന്റെ നല്ലൊരു വായനക്കാരനെയാണ് എനിക്കിപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത്.

**അഞ്ചു പെൺമക്കൾ**

''എത്ര മക്കളാണ്?'' എന്നു ചോദിക്കുന്നവരോട് ''അഞ്ച്''എന്ന് മറുപടി പറയാതെ, ''അഞ്ച് പെൺമക്കൾ'' എന്നു അഭിമാനത്തോടെയും ധീരതയോടെയും പറഞ്ഞിരുന്ന പിതാവായിരുന്നു ജോസേട്ടൻ. ഫേനി, ഫേബ, ശോഭ, ഫാജി, സോണിയ എന്നീ അഞ്ചു പെൺമക്കളും ദൈവാനുഗ്രഹത്താൽ നല്ല നിലയിൽ കുടുംബങ്ങളോടൊത്ത് ജീവിക്കുന്നു. തങ്ങളുടെ മക്കളെ ഭക്തിയിൽ വളർത്താൻ ജോസേട്ടനും ഭാര്യ മേരിയും ശ്രദ്ധിക്കുകയും അതിലവർ വിജയിക്കുകയും ചെയ്തു.

**ജോസ്ഹോട്ടലും ജീവധ്വനിയും**

സ്വന്തം സ്ഥാപനമായിരുന്ന ജോസ്ഹോട്ടലിലൂടെ രുചികരമായ ഭക്ഷണവും ജീവധ്വനി മാസികയിലൂടെ ആത്മീയഭക്ഷണവും വിളമ്പി നിരവധി പേരെ സംതൃപ്തിയുടെ ഏമ്പക്കം ഇടുവിച്ച പ്രിയ ദൈവദാസൻ ഇനി വിശ്രമിക്കട്ടെ – കാഹളം മുഴങ്ങുന്ന നാൾവരെ. **(എം.വി.സെബാസ്റ്റ്യൻ)**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25

Published on
17th January 2023

Posted at
Thrissur RMS

**ആനുകാലികം**

## കുടിശ്ശിക അടച്ചില്ലെങ്കിൽ താജ്മഹൽ കണ്ടുകെട്ടും!

**(പാവം താജ്മഹൽ!)**

ചരിത്രസ്മാരകമായ താജ്മഹലിന് 1.9 കോടി രൂപ വെള്ളക്കരം അടയ്ക്കാൻ നോട്ടീസ്. 1.5 ലക്ഷം രൂപയുടെ വസ്തുനികുതിയും അടയ്ക്കണമെന്ന് കാട്ടി ആഗ്ര നഗരസഭയാണ് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യക്ക് നോട്ടീസ് നൽകിയത്. കുടിശ്ശിക 15 ദിവസത്തിനുള്ളിൽ അടച്ചില്ലെങ്കിൽ വസ്തു കണ്ടുകെട്ടുമെന്നും നോട്ടീസിൽ പറയുന്നു *(21-12-2022 ലെ പത്രവാർത്ത)*

ചരിത്രസ്മാരകങ്ങൾക്ക് ഇത്തരത്തിൽ നികുതിയുടെ ആവശ്യമില്ല എന്നാണ് മറുവാദം. ആർക്കൊക്കെയോ പറ്റിയ അബദ്ധത്തിന്റെ ഫലമായിട്ടായിരിക്കാം ഇങ്ങനെ നോട്ടീസ് അയച്ചത് എന്ന് പലരും അഭിപ്രായപ്പെടുന്നുണ്ട്. ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നായി അറിയപ്പെടുന്ന ഈ താജ്മഹലിനെ വിവാദങ്ങളിലേക്ക് വലിച്ചിഴക്കാതെ നോക്കാനുള്ള ഉത്തരവാദിത്തം അധികാരികൾ കാണിക്കണമായിരുന്നു. ഇനിയെങ്കിലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള വിവേകം ഉത്തരവാദിത്തപ്പെട്ടവർക്ക് ഉണ്ടാകട്ടെ. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V